# S.S.L.C Examination, March-2012

## സാമൂഹ്യശാസ്ത്രം

**Time: 2 1⁄2** **Total Score: 80**

**നിർദ്ദേശങ്ങൾ**

- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കി വേണം ഉത്തരമെഴുതാൻ
- ഓരോ ചോദ്യത്തിനും സ്കോർ അതത് ചോദ്യത്തിന് നേരെ നൽകിയിരിക്കുന്നു
- പതിനഞ്ചു മിനിട്ട് സമാശ്വാസ സമയമായി(Cool of time) കണക്കാക്കി ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാൻ ശ്രമിക്കണം.

Smartindia.net.in

1. ഇന്ത്യയിലെ ഇരുമ്പുരുക്ക് വ്യവസായത്തെ സ്വാധീനിക്കുന്ന സ്ഥാനീയ ഘടകങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കുക.

2. നവോത്ഥാന കാലത്തെ പ്രധാന ശാസ്ത്രജ്ഞരും അവരുടെ സംഭാവനകളുമാണ് ചുവടെ തന്നിട്ടുള്ള എ,ബി കോളങ്ങളിൽ ഉള്ളത്. വിട്ടുപോയവ പൂരിപ്പിക്കുക.

| എ | ബി |
|---|---|
| കോപ്പർനിക്കസ് | ? |
| ? | പ്രിൻസിപ്പിയ മാത്തമാറ്റിക്ക |
| ഗലീലിയോ ഗലീലി | ? |
| ? | ആധുനിക പരിസ്ഥിതി ശാസ്ത്രത്തിന്റെ പിതാവ് |

3. മാനവ വികസന സൂചിക കണക്കാക്കുന്നത് എങ്ങനെ? ഇന്ത്യയുടെ മാനവ വികസനം സാധ്യമാക്കാൻ സഹായിക്കുന്ന രണ്ട് നിർദ്ദേശങ്ങൾ എഴുതുക?

4. ഇംഗ്ലണ്ടിലെ ഭരണഘടനാ പ്രതിസന്ധി പരിഹരിക്കുന്നതിൽ ബിൽ ഓഫ് റൈറ്റ്സ് വഹിച്ച പങ്ക് പരിശോധിക്കുക.

5. പ്രത്യക്ഷ ജനാധിപത്യത്തെക്കുറിച്ച് നിങ്ങൾക്കറിയാം. ഇതിനുള്ള നാല് മാർഗ്ഗങ്ങൾ എഴുതി അവ എങ്ങനെ ജനാധിപത്യത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നുവെന്നു വിശകലനം ചെയ്യുക.

6. ഭൂവിവര വ്യവസ്ഥയുടെ പ്രയോഗസാധ്യതകളിൽ ഉൾപ്പെടാത്തത് കണ്ടെത്തുക.

എ) വിവരങ്ങളുടെ ആവർത്തനത കുറയ്ക്കുന്നു.

ബി) ഭൗമോപരിതല വിവരങ്ങൾ നേരിട്ട് ശേഖരിക്കുന്നു.

സി) ഭൗമോപരിതല വിവരങ്ങളെ താരതമ്യം ചെയ്യുന്നു

ഡി) വിവരങ്ങളെ സംയോജിപ്പിക്കാൻ കഴിയുന്നു.

7. പ്രാഥമിക മേഖലയിലെ ഏതെങ്കിലും രണ്ട് പ്രധാനപ്പെട്ട സാമ്പത്തിക പ്രവർത്തനങ്ങൾ എഴുതുക. ഈ പ്രവർത്തനങ്ങളെ പ്രാഥമിക മേഖലയിൽ ഉൾപ്പെടുത്തിയിരിക്കുന്നതിനുള്ള കാരണം എഴുതുക.

8. കോളനീകരണത്തിനു സാമ്രാജ്യത്വ ശക്തികൾ വിവിധ തന്ത്രങ്ങളാണ് സ്വീകരിച്ചത്. ഇന്ത്യയിലെയും ചൈനയിലെയും കോളനീകരണത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം വിശദമാക്കുക.

അല്ലെങ്കിൽ

സാമ്രാജ്യത്വ അധിനിവേശത്തിന്റെയും കോളനീകരണത്തിന്റെയും അത്യാർത്തിയുടെ ഉദാഹരണങ്ങളാണ് ആഫ്രിക്കയുടെ വീതം വെയ്പ്പും ബാൾക്കൻ പ്രതിസന്ധിയും. വിശദമാക്കുക.

9. ചുവടെ ചേർത്തിരിക്കുന്ന ഭൂവിവരങ്ങളെ നൽകിയിട്ടുള്ള ഇന്ത്യയുടെ രൂപരേഖയിൽ അടയാളപ്പെടുത്തി പേരെഴുതുക.

എ)കാവേരി നദി

ബി)ഉത്തരാഖണ്ഡ് സംസ്ഥാനം

സി)മുംബൈ തുറമുഖം

ഡി)വിന്ധ്യാ നിരകൾ

10. ബാങ്കുകളെയും ബാങ്ക് ഇതര സ്ഥാപനങ്ങളെയും ധനകാര്യ ഇടനിലക്കാർ എന്ന് വിളിക്കുന്നത് എന്തുകൊണ്ട്?

Smartindia.net.in

11. വെഴ്സായി സന്ധിയിലെ വ്യവസ്ഥകൾ ജർമ്മനിയെ എങ്ങനെയാണ് ബാധിച്ചത്? വിശദമാക്കുക.

12. ഭൂമിയിൽ എല്ലായിടത്തും അന്തരീക്ഷ മർദ്ദം ഒരുപോലെയല്ല അനുഭവപ്പെടുന്നത്. ഏതൊക്കെ ഘടകങ്ങളാണ് ഇതിനു കാരണമാകുന്നതെന്ന് വ്യക്തമാക്കാമോ?

13. സ്വതന്ത്ര വ്യാപാര കരാർ എന്നാലെന്ത്? ഇന്ത്യ സ്വതന്ത്ര വ്യാപാരക്കരാറിൽ ഏർപ്പെട്ടിട്ടുള്ള രണ്ട് രാജ്യങ്ങളുടെ പേര് എഴുതുക.

14. ദക്ഷിണാഫ്രിക്കയിലെ ദേശീയ സമരത്തിന് നേതൃത്വം നൽകിയതാര്? അതിന്റെ സവിശേഷത എന്തായിരുന്നു?

15. അന്റാർട്ടിക്കയുടെ ഭൗതിക സവിശേഷതകൾ ഏഷ്യയുടേതിൽ നിന്ന് വ്യത്യസ്തമാണ്. സമർഥിക്കുക.

16. മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്നതിൽ കോടതികളിൽ നിന്നും വ്യതസ്തമായ ഒരു മാർഗ്ഗമാണ് മനുഷ്യാവകാശകമ്മിഷനുകൾ സ്വീകരിക്കുന്നത്. കമ്മിഷനുകളുടെ ചുമതലയും കർത്തവ്യവും വിശകലനം ചെയ്ത് ഈ പ്രസ്താവന ന്യായീകരിക്കുക.

17. ഒരു സാഹിത്യ പ്രസ്ഥാനത്തിന്റെ ചില വക്താക്കളുടെ പേരുകൾ താഴെ കൊടുത്തിരിക്കുന്നു.

- ആൽഫ്രഡ് ലോഡ് ടെന്നിസൺ
- മാത്യു അർനോൾഡ്
- റോബർട്ട് ബ്രൗണിംഗ്

ഇവർ പ്രതിനിധീകരിക്കുന്ന പ്രസ്ഥാനമേത്? അതിന്റെ സവിശേഷതകൾ എന്തെല്ലാം?

18. വിലക്കയറ്റം ഉണ്ടാകുന്നതിനുള്ള രണ്ടു കാരണങ്ങൾ കുറിക്കുക. ഇന്ത്യയിൽ വിലക്കയറ്റം നിയന്ത്രിക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസി ഏത്?

19. എന്താണ് അമ്ലവത്കരണം? സമുദ്രത്തിൽ അമ്ലവത്ക്കരണം ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ വിശദമാക്കാമോ?

20. സ്വതന്ത്ര ഇന്ത്യയുടെ സാമ്പത്തിക നയത്തെ സംബന്ധിച്ച് ഒരു ലഘു കുറിപ്പ് തയ്യാറാക്കുക.

21. ഇന്ത്യയിൽ നഗരവൽക്കരണം കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങൾ വിശകലനം ചെയ്യുക.

Smartindia.net.in

22. ദേശീയ പ്രസ്ഥാനത്തിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്നായിരുന്നു സാമൂഹിക അസമത്വം പരിഹരിക്കുക എന്നത്. ഇതിന്റെ ഭാഗമായി നടന്ന ഗുരുവായൂർ സത്യാഗ്രഹത്തെക്കുറിച്ച് ഒരു ലഘു കുറിപ്പ് തയ്യാറാക്കുക.

23. ചുവടെ നൽകിയിട്ടുള്ള സന്ദർഭങ്ങളിൽ പ്രയോജനപ്പെടുത്താൻ കഴിയുന്ന ഭൂമിശാസ്ത്ര സങ്കേതങ്ങൾ ഏതെല്ലാം?

എ) വെള്ളപ്പൊക്കത്തിന്റെ ഫലമായി ഉണ്ടായ കൃഷിനാശത്തിന്റെ വ്യാപ്തി അറിയാൻ.

ബി) റോഡ് നിർമ്മാണം മൂലം നഷ്ടമാകുന്ന വനഭൂമിയുടെ വിസ്തൃതി കണ്ടെത്താൻ.

24. കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ നികുതി ഈടാക്കുന്നുണ്ട്. ഇവർ ഓരോരുത്തരും ചുമത്തുന്ന ഓരോ നികുതി വീതം എഴുതുക.

25. സമൂഹവും സമുദായവും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കുക.

26. ഇന്ത്യയിൽ എല്ലായിടത്തും മഴയുടെ അളവ് ഒരുപോലെയല്ല. മഴയുടെ വിതരണത്തിലുള്ള അസന്തുലിതാവസ്ഥകൾക്കുള്ള കാരണങ്ങൾ വ്യക്തമാക്കുക.

27. ലോകത്ത് അന്ന് നിലനിന്നിരുന്ന സാഹചര്യങ്ങളുടെ സൃഷ്ടിയാണ് ചേരിചേരായ്മ. ചേരിചേരാ പ്രസ്ഥാനം രൂപീകരിക്കുന്ന സമയത്തെ ലോകരാഷ്ട്രീയ സാഹചര്യം വിലയിരുത്തി അത് രൂപീകരിക്കുവാനുള്ള കാരണങ്ങൾ എഴുതുക.

28. മനുഷ്യൻ ഒരു സാമൂഹ്യജീവിയാണെന്ന് പറയുന്നതെന്തുകൊണ്ട്? വിശദമാക്കുക.

29. ചക്രവാതങ്ങളും പ്രതിചക്രവാതങ്ങളും തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നതെങ്ങനെ?

Smartindia.net.in